"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 184/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2834/2025/LSGD തീയതി,തിരുവനന്തപുരം, 18-11-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.184/2013 നമ്പർ കേസിന്മേലുള്ള 30/11/2020 തീയതിയിലെ വിധിന്യായം.
3. സ.ഉ.(സാധാ)നം.12/2023/തസ്വഭവ തീയതി 04/01/2023.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/09/2025 -ലെ എ3/2173/2013/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരംജില്ലാ കളക്ടറുടെ 26/09/2025 തീയതിയിലെ DCTVM/1121/2025-K9-നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 7 (LA Re.Sy No.117)-ൽപ്പെട്ട 0.18 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 184/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 16,06,342/- രൂപ (പതിനാറ് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം അനുവദിക്കുന്നതിന് പരാമർശം(3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. പരാമർശം(4), (5) എന്നിവ പ്രകാരം ടി എൽ.എ.ആർ. കേസിന്റെ നാളതീകരിച്ച കണക്കുവിവരപ്പട്ടിക പ്രകാരമുള്ള 19,45,069/- രൂപ (പത്തൊമ്പത് ലക്ഷത്തി നാല്പത്തിയയ്യായിരത്തി അറുപത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 7 (LA Re.Sy No.117)-ൽപ്പെട്ട

0.18 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 184/2013 നമ്പർ കേസിലെ നാളതീകരിച്ച കണക്കുവിവരപ്പട്ടിക പ്രകാരം അധികമായി ആവശ്യം വരുന്ന 3,38,727/- രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) കൂടി ഉൾപ്പെടുത്തി ആകെ 19,45,069/- രൂപ (പത്തൊമ്പത് ലക്ഷത്തി നാല്പത്തിയയ്യായിരത്തി അറുപത്തിയൊമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ശിവകുമാർ - ന് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം(3) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ശിവകുമാർ, S/o Kolappa Pillai, T.C.38/411, Thycaud, Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD3/4/2023-Fin dated 31/10/2024)
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 185/2024/ത.സ്വ.ഭ.വ.

Signed by
ഉത്തരവിൻ പ്രകാരം
Biju. B
Date: 18-11-2025 13:23:39
സെക്ഷൻ ഓഫീസർ